**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5265 | 23.05.2017-ൽ മറുപടിനൽകേണ്ടിയിരുന്നത് |
|---|---|

**ഇടവക്കോട് വാർഡിൽ സ്ട്രീറ്റ് ലൈറ്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നഗരസഭ ഇടവക്കോട് വാർഡിൽ ഏതൊക്കെ പ്രദേശത്താണ് പുതുതായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;ഇവിടുത്തെ എസ്റ്റിമേറ്റുകൾ നഗരസഭ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | കല്ലുംപളളി, ഇടവക്കോട്, രാവൂർക്കോണം, ശാന്തിനഗർ, കരിമ്പുക്കോണം, പ്രതിഭ നഗർ, കരിയം, ചേന്തി എന്നീ പ്രദേശങ്ങളിൽ പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ലൈൻ വലിക്കുന്നതിനും മറ്റുമായി 2,45,025/- രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതികൾക്ക് നഗരസഭ പണം അനുവദിച്ചിട്ടുണ്ടോ.; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചു; ഈ തുക കെ. എസ്.ഇ. ബി ക്ക് കൈമാറിയിട്ടുണ്ടോ; എസ്റ്റിമേറ്റ് എടുത്ത ഓരോ പ്രദേശത്തിന്റെയും തുക അറിയിക്കാമോ; | (ബി) | കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ചിട്ടുളള എസ്റ്റിമേറ്റ് പ്രകാരമുളള 2,45,025/- രൂപ 31/03/2017 – ന് തിരുവനന്തപുരം ജില്ലാ ട്രഷറി മുഖാന്തിരം കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കഴക്കൂട്ടം ഡിവിഷൻ പേർക്ക് ഡിപ്പോസിറ്റ് ചെയ്തിട്ടുളളതാണ്. എസ്റ്റിമേറ്റ് എല്ലാ പ്രദേശങ്ങൾക്കുമായി ഒരുമിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | ഇടവക്കോട് വാർഡിൽ സ്ട്രീറ്റ് ലൈറ്റ് എസ്റ്റിമേറ്റ് എടുത്ത പ്രദേശങ്ങളിൽ വെളിച്ചമെത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; നഗരസഭ ഫണ്ട് അനുവദിക്കാത്തതാണോ, കെ.എസ്.ഇ.ബി വർക്ക് ചെയ്യാത്തതാണോ ഇതിനു കാരണം എന്നുകൂടി അറിയിക്കാമോ? | (സി) | എസ്റ്റിമേറ്റ് പ്രകാരമുളള തുക നഗരസഭ കെ.എസ്.ഇ.ബി.ക്ക് ഒടുക്കിയിട്ടുളളതാണ്. എന്നാൽ പ്രവർത്തി പൂർത്തിയാക്കി കെ.എസ്.ഇ.ബി. വിവരം നഗരസഭയെ അറിയിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ